TUESDAY

ചൊവ്വാഴ്ച

22.05.2024

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# (FIB FARM NEWS) 22/05/2024

1. കനത്ത മഴയിലും കാറ്റിലും സംസ്ഥാനത്ത് 1109 ഹെക്ടർ കൃഷി നശിച്ചു. പ്രകൃതിക്ഷോഭം അറിയിക്കാനും വിള ഇൻഷുറൻസ് സഹായങ്ങൾക്കും കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ തുറന്നു. ജില്ലയും ഫോൺ നമ്പറും താഴെ പറയുന്നു തിരുവനന്തപുരം 9447242977, കൊല്ലം- 9447349503, പത്തനംതിട്ട- 9446041039, ആലപ്പുഴ -9497864490, കോട്ടയം- 6238483507, ഇടുക്കി- 9447037987, എറണാകുളം- 9497678634, തൃശ്ശൂർ 9446549273, പാലക്കാട്-9447364599, മലപ്പുറം- 9447228757, കോഴിക്കോട്- 9847616264, വയനാട്-9778036682, കണ്ണൂർ-9495887651, കാസർകോട് 9383471961

2. കൃഷി വകുപ്പിൻറെ കീഴിലുള്ള ആനയറ വിൽപ്പനകേന്ദ്രം വഴി അത്യുത്പാദന ശേഷിയുള്ള DxT, WCT, ഓറഞ്ച് ഡ്വാർഫ് തുടങ്ങിയ തെങ്ങിൻതൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ 9746692422 എന്ന ഫോൺ നമ്പരിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

3. കൃഷി വകുപ്പിൻ്റെയും ഏലൂർ നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കൊമ്പർചെല്ലിയുടെ ആക്രമണത്തിൽ നിന്ന് തെങ്ങിനെ രക്ഷിക്കുന്നതിനും മഴക്കാലത്ത് തെങ്ങുകളിൽ കൂടുതലായി കണ്ടുവരുന്ന രോഗമായ കൂമ്പ് ചീയൽ ഒഴിവാക്കുന്നതും ലക്ഷ്യമിട്ടു തെങ്ങിൻ്റെ മണ്ട

വൃത്തിയാക്കൽ പദ്ധതി നിലവിൽ 1500 തെങ്ങുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കെയ്കോയിൽ നിന്നു പ്രത്യേക പരിശീലനം കിട്ടിയ ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ വൈക്കം എന്ന ടീം ആണ് ഇതിനായി പ്രവർത്തിക്കുന്നത്. ഏലൂർ നഗരസഭയിൽ ഈ സേവനം ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

4. ക്ഷീര വികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, ചിത്രരചന മത്സരങ്ങൾ, എൽ.പി, യൂപി ആൻ്റ് ഹൈസ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന. ഹൈസ്കൂൾ വിഭാഗത്തിന് മാത്രമായും നടത്തുന്നതാണ്. എൽ.പി, യൂപി, ഹൈസ്കൂൾ വിഭാഗങ്ങൾക്കായുള്ള ചിത്രരചന, പെയിൻ്റിംഗ് മത്സരം ഈ മാസം (മെയ്) 27-ാം തീയതി രാവിലെ 10 മണി മുതലും ഉപന്യാസ മത്സരം മെയ് മാസം 28-ാം തീയതി രാവിലെ 10 മണി മുതലും നടത്തുന്നതായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 25-ാം തീയതി വൈകുന്നേരം 4 മണിയ്ക്ക്

മുമ്പായി ഈ പരിശീലന കേന്ദ്രവുമായി നേരിട്ടോ, 0471-2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാല, തൃശൂർ അഗ്രി ബിസിനസ്സ് ഇൻക്യുബേറ്ററിൽ വച്ച് ഇന്ന് (22/05/2024) നടത്തപ്പെടുന്ന ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനം എന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യം ഉള്ളവർ 9778436265 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക പരിശീലന ഫീസ് 1000 രൂപ.

6. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ നടീൽവസ്തുക്കളുടെ ഉത്പാദനം, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ എന്നിവയിൽ 2024 മെയ് 24-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.